

ACADEMIC
# PROSPECTUS 2025

# CSWC

COUNCIL OF SAMASTHA WOMEN'S COLLEGES
SAMASTHALAYAM, CHELARI, P.O THENHIPPALAM
MALAPPURAM DT, KERALA - 673636

مجلس كليات سمستا للبنات
COUNCIL OF SAMASTHA
WOMENS COLLEGES


സയ്യിദ് അബ്ദുറഹിമാൻ
ബാഫഖി തങ്ങൾ
എം.സി. വടകര
എം.സി. വടകര



# About

ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ വിദ്യാഭ്യാസ പ്രചരണ പദ്ധതിയായ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന് കീഴിൽ 2019 ൽ ആരംഭിച്ച സ്ത്രീ വൈജ്ഞാനിക ശാക്തീകരണ സംവിധാനമാണ് COUNCIL OF SAMAST-HA WOMEN'S COLLEGES. ധാർമികവും ആത്മീയവും നിലവാരമുള്ളതുമായ ഇസ്ലാമിക വിജ്ഞാനീയങ്ങളിലും സമകാലികവും ശാസ്ത്രീയവുമായ ആധുനിക വിഷയങ്ങളിലും കഴിവുറ്റ പണ്ഡിതകളെ വളർത്തിയെടുക്കുകയും അനുവദനീയമായ നിലയിലുള്ള പ്രബോധന മേഖലകളിൽ പരിശീലിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്.
കൂടാതെ വ്യക്തി, കുടുംബം, സമൂഹം എന്നിവകളുടെ ഇസ്ലാമിക വികസനത്തിനും ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും ഊന്നൽ നൽകുന്നു. രണ്ട് വർഷത്തെ പഠനം പൂർത്തിയാക്കുന്നവർക്ക് ഫാളില ബിരുദവും തുടർന്നുള്ള 3 വർഷത്തെ പഠനം പൂർത്തിയാക്കുന്നവർക്ക് ഫളീല ബിരുദവും നൽകപ്പെടും. SKIMVBയുടെ ആസ്ഥാന മന്ദിരമായ ചേളാരിയിലെ സമസ്താലയത്തിലാണ് നിലവിൽ CSWCയുടെ ഓഫീസ് പ്രവർത്തിക്കുന്നത്.



# Vision

ധാർമികവും ആത്മീയവും നിലവാരമുള്ളതുമായ ഇസ്‌ലാമിക വിജ്ഞാനങ്ങളിലും സമകാലികവും  ശാസ്ത്രീയവുമായ ഭൗതിക പഠനങ്ങളിലും കഴിവുള്ള പണ്ഡിതകളെ വളർത്തിയെടുക്കുകയും അനുവദിനീയമായ നിലയിലുള്ള പ്രബോധന മേഖലകളിൽ പരിശീലിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്.

# Mission

- പെൺകുട്ടികൾക്ക് അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങളിലൂന്നിയ മതപഠനവും കൂടെ ഭൗതിക പഠനവും നേടാൻ സാഹചര്യം ഒരുക്കുക.
- ആത്മീയാന്തരിക്ഷമുള്ള ജീവിത രീതി വിദ്യാർത്ഥിനികളിൽ പരിശീലിപ്പിക്കുക.
- അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങളെ അനുവദീനമായ രീതിയിൽ പ്രബോധനം നടത്താൻ വിദ്യാർത്ഥിനികളെ പ്രാപ്തരാക്കുക.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലെ വിദ്യാർത്ഥിനികളുടെ കഴിവുകൾ പരിപോഷിപ്പിക്കാനവസരമൊരുക്കുക.
- ഉത്തമ കുടുംബത്തെയും അതു വഴി സമുഹത്തെയും വളർത്തിയെടുക്കാനുള്ള പ്രത്യേക പഠനം സാധ്യമാക്കുക.
- ധാർമികതയെ ചേർത്ത് പിടിച്ച് ആധുനിക വിഷയങ്ങളിൽ ഇടപെടാനുള്ള അവഗാഹം നേടാൻ പ്രാപ്തരാക്കുക.



# CHAIRMAN'S Message

അള്ളാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് യഥാർത്ഥ വിജ്ഞാനം നൽകുന്നു. അത്തരം അറിവ് നൽകപ്പെടുന്നവർക്ക് ധാരാളം നേട്ടങ്ങളാണ് നൽകപ്പെടുന്നത്, എന്നാൽ ബുദ്ധിശാലികൾ മാത്രമേ ശ്രദ്ധിച്ച് മനസ്സിലാക്കുകയുള്ളൂ (സൂറത്തുൽ ബഖറ 269). അറിവും കഴിവും ധാർമികതയും സംസ്കാരവും പകർന്ന് നൽ കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. പെൺകുട്ടികൾ മത വിദ്യ നേടുന്നതിലൂടെ കുടുംബങ്ങളിൽ ഇസ്ലാമിക ബോധം നിലനിർത്താൻ നമുക്കു കഴിയും. അതോടൊന്നിച്ച് ഭൗതിക വിദ്യാഭ്യാസം കൂടി നല്കാൻ സാധ്യമായാൽ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ കെൽപ്പുള്ള ഒരു തലമുറയെ വാർത്തെടുക്കാനും സാധ്യമാകും. ഇതിനുപകരിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ പദ്ധതിയാണ് സമസ്തയുടെ കീഴിൽ കൗൺസിൽ ഓഫ് സമസ്ത വുമൺസ് കോളേജ് മുന്നോട്ട് വെക്കുന്നത്. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയങ്ങളിൽ അടിയുറച്ച് നിൽക്കുന്ന മത വിദ്യയും ഭൗതിക വിദ്യയും നേടിയ ഒരു സമൂഹത്തെ പരിശീലിപ്പിച്ചെടുക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. ഗുണ നിലവാരത്തോടോപ്പം ഇഹപര വിജയം നേടുന്നതിന് ഈ വിദ്യാഭ്യാസ രീതി തെരഞ്ഞെടുക്കാൻ രക്ഷിതാക്കളും വിദ്യാർത്ഥിനികളും മുന്നോട്ടു വരട്ടെ...

**എം.ടി അബ്ദുല്ല മുസ്ലിയാർ**
ചെയർമാൻ, CSWC

## CONVENOR'S Message

തുല്യതയില്ലാത്ത വിദ്യാഭ്യാസ മാതൃക സമുദായത്തിന് സമർപ്പിച്ച സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന് കീഴിൽ 2019ൽ ആരംഭിച്ച മതഭൗതിക പഠന സംവിധാനമാണ് ഫാളില, ഫളീല കോഴ്സുകൾ. കൗൺസിൽ ഓഫ് സമസ്ത വിമൻസ് കോളേജസ് (CSWC) എന്ന സമിതിയുടെ മേൽനോട്ടത്തിൽ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയത്തിലധിഷ്ഠിതമായി ആധുനിക രീതി അവലംബിച്ച നടത്തി വരുന്ന 2+3+2 വിദ്യാഭ്യാസ പദ്ധതിയാണിത്. മദ്രസ ഏഴാംതരവും എസ്.എസ്.എൽ.സിയും പാസായ പെൺകുട്ടികൾക്ക് മത ബിരുദവും ഭൗതിക ബിരുദവും ഒരുമിച്ച് ലഭ്യമാക്കുന്ന കരിക്കുലമാണ് CSWC അവലംബിക്കുന്നത്. ഉത്തമ മുസ്‌ലിം വനിതയെ സമൂഹത്തിന് മാതൃകയായി സമർപ്പിക്കാൻ കഴിയുന്ന സമസ്തയുടെ വനിതാ വിദ്യാഭ്യാസ രീതി സ്വീകരിച്ച് പെൺകുട്ടികൾ പഠന പരിശീലനം നേടുന്നത് വഴി ധാർമിക ബോധത്തോടെ ഇസ്‌ലാമിക സംസ്കാരം നിലനിർത്തുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയും. ഉത്തര വാദിത്തബോധവും കടമകളും കടപ്പാടുകളും മനസ്സിലാക്കാനുള്ള തിരിച്ചറിവും നൽകുന്ന ഈ കോഴ്സിന്റെ ലക്ഷ്യവും മാർഗവും മനസ്സിലാക്കി നമ്മുടെ സന്തതികളെ വിദ്യാസമ്പന്നകളാക്കാൻ നമുക്ക് കഴിയണം. അല്ലാഹു അനുഗ്രഹിക്കട്ടെ...

**അബ്ദുസ്സമദ് പൂക്കോട്ടൂർ**
കൺവീനർ, CSWC


INVENTIONS & DISCOVERIES

# CSWC GOVERNING BODY


SAYYID MUHAMMED JIFRI MUTHU KOYA THANGAL


PROF. K ALIKKUTTY MUSLIYAR


CHAIRMAN
MT ABDULLA MUSLIYAR


P.P UMAR MUSLIYAR KOYYOD


SAYYID MUHAMMED KOYA THANGAL JAMALULAILY


K. UMAR FAIZY MUKKAM


VAKKOD MOID-HEEN KUTTY FAIZY


DR. BAHAUDHEEN MUHAMMED NADWI


BK ABDUL QADAR MUSLIYAR BAMBARANA


CK ABDURAHMAN FAIZY ARIPRA


CONVENOR
ABDUSSAMAD POOKKOTTUR


Pro. (DR.) N.A.M ABDUL KHADER


ABDUL HAMEED FAIZY AMBALAKKADAVU


E. MOIDEEN FAIZY PUTHANAZHI


M.C MAYIN HAJI


P. ISMAYIL KUNHU HAJI


ABDULLA MASTER KOTTAPPURAM


MANAGER
MOYINKUTTY MASTER


SHAHUL HAMEED MASTER MELMURI


ABDURASHEED HAJJI PARLADKKA

# ACADEMIC COUNCIL



M.T ABDULLA
MUSLYAR



CHAIRMAN

Pro. (DR.) N.A.M
ABDUL KHADER



Dr. CK ABDU RAHMAN
FAIZY ARIPRA



ABDUSSAMAD
POOKKOTTUR



E. MOIDEEN FAIZY
PUTHANAZHI



MANAGER

MOYINKUTTY
MASTER



SULAIMAN FAIZY
CHUNGATHARA



MT ABOOBACKER
DARIMI



MOIDEEN FAIZY
CHEMMANIYODE



SIDHEEQ NADVI
CHERUR



HAMZA RAHMANI
KONDIPARAMB



MP ABDURAHMAN
MASTER



Dr. ABDURAHMAN
FAIZY MULLAPPALLI



COORDINATOR

SAHAD FAIZY
AI BURHANI



NOUFAL
HUDAWI



NIZAM
WAFY


SAMASTHA
SKIMVB
CSWC
ADMIN
1 ZONAL AFFAIRS
2 PRO
3 IT CELL
4 FINANCE
5 MANAGEMENT&PTA
6 FSO
ACADE MICS
1 ACADEMIC COUNCIL
2 PRINCIPALS' COUNCIL
3 BOARD OF STUDIES
4 BOARD OF EXAM
5 QMC Quality Management Cell


COURSES &
Eligibility



## Fadhila SECONDARY 2 YEARS

Religious Study + HSE/PUC/ Equivalent
(Commerce, Humanities, & Science)
**Eligibility**: SSLC, Madrasa VII/Equivalent

## Fadheela UG 3 YEARS

Religious Study + UG (UGC Accredited University)
**Eligibility**: Fadhila/Equivalent + Higher Secondary/ Equivalent

## Fadheela Sharee'a UG 3 YEARS

Religious Study + Language Study
**Eligibility**: 10th Madrasa (SKIMVB)/Equivalent

## Fadheela PG PG 2 YEARS

Religious Study + Teachers Training
**Eligibility**: Fadheela UG



# Curriculum

**ഉലൂമുൽ ഖുർആൻ**
വിശുദ്ധ ഖുർആനിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ പ്രത്യേക പഠനം

**ഹദീസ്**
തിരഞ്ഞെടുക്കപ്പെട്ട ഹദീസുകളുടെ ആശയ സഹിതമുള്ള പഠനം

**ഫിഖ്ഹ്**
അടിസ്ഥാന പരവും സ്ത്രീകൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുമായ ഇസ്‌ലാമിക കർമശാസ്ത്ര പഠനം

**അഖീദ**
അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആശയാദർശങ്ങളിൽ ഗഹനമായ പഠനം

**നഹ്‌വ്**
അറബി വ്യാകരണ ശാസ്ത്രത്തിൽ പരിശീലനത്തോടെയുള്ള പഠനം

**ഹോം സയൻസ്**
സമൂഹ നിർമിതിയിൽ മുഖ്യപങ്ക് വഹിക്കുന്ന കുടുംബമെന്ന സാമൂഹ്യ സ്ഥാപനത്തിന്റെ ഇസ്‌ലാമിക വളർച്ചക്കാവശ്യമായ കുടുംബ ശാസ്ത്ര പഠനം

**തസവ്വുഫ്**
ആത്മീയ ജീവിതവും അതുവഴി പരലോക വിജയവും നേടാനാവശ്യമായ തസവ്വുഫ് പഠനം



**ഹിഫ്ള്**

വിശുദ്ധ ഖുർആനിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അധ്യായനങ്ങൾ
തജ്‌വീദോടുകൂടെ മനപ്പാഠമാക്കൽ

**താരീഖ്**

ഇസ്‌ലാമിക ചരിത്രത്തിന്റെ കൃത്യമായ പഠനം

**തർജുമ**

അറബ് , ഇംഗ്ലീഷ് ഭാഷകളുടെ വിവർത്തന പരിശീലനം

# Co-Curriculum

## Halavathul Quran

വിദ്യർത്ഥിനികളുടെ ഖുർആൻ പാരായണം നിയമാനുസൃതവും മാധുര്യമേറിയതുമാക്കുന്ന-തിനുള്ള  പ്രത്യേക പരിശീലനം നൽകുക.

## Skill Development

വിദ്യാർത്ഥിനികളിലെ അന്തർലീനമായ കഴിവുകളെ പരി പോഷിപ്പിക്കുന്നതിനും ഇസ്ലാമിക രീതിയിൽ അതിനെ ഉപയോഗിക്കുന്നതിനും വേണ്ടി കഴിവുകൾ കണ്ടെത്തി അതിനെ പരിപോഷിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

## LSRW (ARB/ENG)

ഭാഷാ നൈപുണ്യം വളർത്തുന്നതിനായി LSRW രീതി ഉപോയാഗിച്ചു കൊണ്ടുള്ള ക്ലാസുകളും അനുബന്ധ പരിശീലനവും നൽകുക.

## Computer & Cyber Security

അനുദിനം വളർന്നു വരുന്ന വിവര സാങ്കേതിക വിദ്യയെ ഉൾകൊള്ളാനും നല്ലരീതിയിൽ ഉപയോഗിക്കാനും പരിശീലിപ്പിക്കുന്നതോടൊപ്പം സൈബറിടങ്ങളിലെ ചതിക്കുഴികളിലകപ്പെടാതെ കൃത്യമായി കൈകാര്യം ചെയ്യാനുമുള്ള അവബോധം വിദ്യാർത്ഥിനികളിൽ വളർത്തുക.

## Teachers Training Program

അധ്യാപന മേഖലയിൽ തൽപരരായ വിദ്യാർത്ഥിനകൾക്ക് കാലികമായ രീതിയിൽ സുന്ദരമായ അധ്യാപന കലയെ പകർന്ന് നൽകാനുള്ള പരിശീലനം സാധ്യമാക്കുക.

## F-QAP
### (Fadhila-Fadheela Quality Assurance Programme)

വിദ്യാർതഥികളുടെയും അധ്യാപകരുടെയും പെരുമാറ്റ രീതികൾ ഉയർത്തുന്നതിനും പഠിച്ച വിഷയങ്ങളെ ജീവിതത്തിൽ പകർത്തി ജീവിത രീതികളിൽ ഇസ് ലാമിക അച്ചടക്കം വരുത്തുന്നതിനുമുള്ള പ്രത്യേക പരിപാടി.

## E-Magazine

വിദ്യാർത്ഥിനികളുടെ എഴുത്ത് മേഖലയിലെ കഴിവ് പ്രകടമാക്കുന്നതിനുള്ള പ്രത്യേക വെർച്ച്വൽ പ്ലാറ്റഫോം.





# Admission

- Fadhila, Fadheela, Sharee'a എന്നിവക്ക് cswc.in എന്ന വെബ്സൈറ്റിലൂടെയും അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നേരിട്ടും അഡ്മിഷൻ നേടാവുന്നതാണ്.
- Fadheela PG അഡ്മിഷൻ cswc.in എന്ന വെബ്സൈറ്റ് മുഖേനെ ലഭിക്കുന്നതാണ്.

## Lateral Entry

സമസ്തയുടെ മദ്റസ 10-ാം ക്ലാസും ഹയർ സെക്കന്ററിയും പാസ്സായ വിദ്യാർത്ഥിനികൾക്ക് ലേറ്ററൽ എൻട്രി എക്സാം വഴി ഫളീല യു.ജി ഒന്നാം വർഷത്തിലേക്കും ഫാളില, ഹയർ സെക്കന്ററിക്ക് തുല്യമായ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് ലേറ്ററൽ എൻട്രി വഴി ഫാളില 2-ാം വർഷത്തിലേക്കും അഡ്മിഷൻ നേടാം.

## Fee Structure

- ഫാളില, ഫളീല, ശരീഅ എന്നീ കോഴ്സുകളിൽ പുതുതായി അഡ്മിഷൻ നേടുന്ന വിദ്യാർത്ഥിനികൾ സ്ഥാപനങ്ങൾ മുഖാന്തരം CSWC ഓഫീസിൽ അഡ്മിഷൻ ഫീ അടക്കേണ്ടതാണ്.
- ഫാളില, ശരീഅ - 600 രൂപ. ഫളീല - 750 രൂപ.
- സ്ഥാപനത്തിലെ അഡ്മിഷൻ ഫീയും ട്യൂഷൻ ഫീയും കോഴ്സുകൾക്കനുസരിച്ച് (HSS കൊമേഴ്സ്, സയൻസ്, ഹുമാനിറ്റീസ്) അതത് സ്ഥാപനങ്ങൾ നിശ്ചയിക്കുന്നതാണ്.
- ഡേ കോളേജുകളിൽ പരമാവധി ട്യൂഷൻ ഫീ 15000 രൂപയും റെസിഡൻഷ്യൽ കോളേജുകളിൽ ട്യൂഷൻ ഫീ 15000ത്തിന് പുറമെ സ്ഥാപന സൗകര്യങ്ങൾക്കനുസൃതമായി സ്ഥാപനം നിശ്ചയിക്കുന്ന ഹോസ്റ്റൽ ഫീയും ഉണ്ടായിരിക്കുന്നതാണ്.
- ഫളീല PG Fee Structure വെബ്സൈറ്റിൽ ലഭ്യമാണ്.

# Examination

- CSWCയുടെ എക്സാം ബോർഡിനു കീഴിൽ ക്രിയാത്മകമായ നിലയിൽ നിശ്ചിത സമയങ്ങളിൽ വിദ്യാർത്ഥിനികളുടെ പരീക്ഷകൾ നടക്കുന്നതാണ്.
- സെമസ്റ്റർ രീതിയിലാണ് ഫാളില - ഫളീല പരീക്ഷകൾ നടത്തപ്പെടുന്നത്.
- 1, 3, 5 സെമസ്റ്റർ പരീക്ഷകൾ കോളേജുകളുടെ നേതൃത്വത്തിലും 2, 4, 6 സെമസ്റ്റർ പരീക്ഷകൾ ഓഫീസിന്റെ മേൽനോട്ടത്തിലും നടത്തുന്നതാണ്.
- ഫളീല PG പരീക്ഷകൾ വാർഷിക രീതിയിലാണ്.
- ജനറൽ പേപ്പറുകൾ ഓൺലൈനായും സ്പെഷലൈസ് ചെയ്യുന്ന പരീക്ഷകൾ ഓഫ് ലൈനായും നടക്കുന്നതാണ്.
- എക്സാം ഫീ അതത് സമയങ്ങളിൽ അറിയിക്കുന്നതാണ്.
- ഭൗതിക വിഷയങ്ങളുടെ പരീക്ഷകൾ നടത്തേണ്ട മാർഗ്ഗരേഖയും CSWC ഓഫീസ് കൃത്യസമയങ്ങളിൽ അറിയിക്കുതാണ്.
- ഫൈനൽ ഒഴികെയുള്ള ഹയർ സെക്കന്ററി പരീക്ഷകളും CSWC ഓഫീസ് നേരിട്ട് നടത്തുന്നതാണ്

A+
91-100

A
81-90

B+
71-80

B
61-70

C+
51-60

C
41-50

# Grading

CSWCയുടെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് 2 വർഷത്തിൽ ഗ്രേഡിങ് നൽകുന്നതാണ്.

- CSWCയുടെ QMC(Quality Management Cell) ന് കീഴിലുള്ള ഇൻസ്പെക്ഷൻ ടീം സന്ദർശനം നടത്തുകയും റിപ്പോർട്ടനുസരിച്ച് ഗ്രേഡ് നൽകുന്നതുമാണ്.
- എ പ്ലസ് ഗ്രേഡിന് താഴെയുള്ള സ്ഥാപനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ കുറവുകൾ പരിഹരിച്ച് എ പ്ലസ് ഗ്രേഡ് നേടേണ്ടതാണ്.

## ഗ്രേഡിങ് മാനദണ്ഡങ്ങൾ

| No | Description | Points |
|---|---|---|
| 1 | അടിസ്ഥാന സൗകര്യങ്ങൾ | 30 |
| 2 | സമയ ബന്ധിതമായ സിലബസ് ക്രമീകരണം | 20 |
| 3 | CSWCയുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക | 10 |
| 4 | അധ്യാപകരുടെ യോഗ്യതയും ട്രൈനിങ് പങ്കാളിത്തവും | 10 |
| 5 | FSOയുടെ നിർദ്ദേശങ്ങൾക്കനുസൃതമായ കോളേജ് യൂണിയൻ പ്രവർത്തനം | 10 |
| 6 | ഓഫീസ് റെക്കോഡുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യൽ | 10 |
| 7 | വിദ്യാർത്ഥിനികളുടെ പഠന നിലവാരവും അധ്യാപകരുടെ ഇടപെടലുകളും | 10 |
| | Total Points | 100 |




# Fadhila-Fadheela Students Organisation

- CSWCക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥി കൂട്ടായ്മയാണ് FSO.
- സംഘടനകൾക്ക് പ്രവൃത്തിക്കാനാവശ്യമായ സൗകര്യങ്ങൾ മാനേജ്മെന്റ് ഒരുക്കിക്കൊടുക്കേണ്ടതാണ്.
- സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥിനികളേയും ഉൾകൊള്ളാൻ കഴിയുന്ന ഓഡിറ്റോറിയം ഉണ്ടായിരിക്കണം
- ആവശ്യമായ ഫർണിച്ചർ കമ്പ്യൂട്ടർ തുടങ്ങിയ സൗകര്യത്തോടെ ഓഫീസ് സജ്ജീകരിക്കണം.
- വാർഷിക പ്രവർത്തന കലണ്ടർ അക്കാദമിക് കൗൺസിൽ നൽകുന്നതാണ്.














FADHILA FADHEELA
Hiya Fiesta
STATE FEST
PERINTHALMANNA






കലാ
കാലം











# CSWC

**COUNCIL OF SAMASTHA WOMEN'S COLLEGES**

SAMASTHALAYAM, CHELARI, P.O THENHIPPALAM
MALAPPURAM DT, KERALA - 673636

Scan Here for Admission

For admission related quieries

www.cswc.in
+91 77365 76333
+91 73567 50708